(സി) പുനർവിന്യാസത്തിനുള്ള നിലവിലെ ഉത്തരവ് നടപ്പാക്കുന്നത് ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടില്ല.

(ഡി) പുനർവിന്യാസത്തിനെതിരെ ജീവനക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ, ഇതുസംബന്ധിച്ച കോടതി ഉത്തരവുകൾ, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശകൾ എന്നിവ അടിസ്ഥാനമാക്കി ധനകാര്യ-തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ആലോചിച്ച് സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ

390 (1448) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ നിലവിൽ ഏതൊക്കെ പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസിന്റെ പരിധിയിലാണുള്ളതെന്ന് അറിയിക്കുമോ; ഓരോ സെക്ഷന്റേയും പരിധിയിൽ ഏതൊക്കെ റോഡുകളാണുള്ള തെന്നും പ്രസ്തുത റോഡുകളുടെ ദൈർഘ്യവും അറിയിക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ റോഡുകൾ ഒട്ടേറെ സെക്ഷനുകളുടെ പരിധിയിൽ ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റോഡുകൾ എല്ലാം ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിലാക്കി ഉത്തരവ് നൽകുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) വിവിധ റോഡുകളുടെയും ബന്ധപ്പെട്ട സെക്ഷനുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പട്ടാമ്പിയിലെ റോഡുകൾ

391 (1449) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ താഴെപ്പറയുന്ന റോഡുകൾ ബി.എം. ആന്റ് ബി.സി. ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

1. കൊപ്പം - വളാഞ്ചേരി റോഡ്

2. വിളയൂർ - കൈപ്പുറം റോഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. പട്ടാമ്പി - ആമയാർ റോഡ്

4. വല്ലപ്പുഴ - മുളയൻകാവ് - കട്ടപ്പാറ റോഡ്

5. മുതുമല - ശങ്കരമംഗലം - മുഗാശ്രുപത്രി റോഡ്

6. വല്ലപ്പുഴ - വാണിയംകുളം റോഡ് 3 1/2 കിലോ മീറ്റർ.

ഉത്തരം

പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജകമണ്ഡലത്തിലെ കൊപ്പം-വളാഞ്ചേരി റോഡ്, വിളയൂർ-കൈപ്പുറം റോഡ് എന്നിവ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. പട്ടാമ്പി-ആമയാർ റോഡ്, വല്ലപ്പുഴ-മുളയൻകാവ്-കട്ടപ്പാറ റോഡ്, മുതുമല-ശങ്കരമംഗലം-മുഗാശ്രുപത്രി റോഡ്, വല്ലപ്പുഴ-വാണിയംകുളം റോഡ് എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണ പുരോഗതി

392 (1450) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നു വിശദമാക്കാമോ?

ഉത്തരം

(എ) അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയായി :

പൈൽ നിർമ്മാണം - 56-ൽ 56-ഉം പൂർത്തിയായി.

പൈൽ ക്യാപ് - 18-ൽ 6 എണ്ണം പൂർത്തിയായി

പിയർ - 18-ൽ 5 എണ്ണം പൂർത്തിയായി

പിയർ ക്യാപ് - 16-ൽ 3 എണ്ണം പൂർത്തിയായി

(ബി) പാലം പൂർത്തീകരണത്തിനാവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly